# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3704 — 25.06.2013-ൽ മറുപടിക്ക്

## 'എന്റെ സംഘം' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പാലോട് രവി :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പമന്ത്രി) |
| (എ) സഹകരണ മേഖലയിൽ 'എന്റെ സംഘം' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ 'എന്റെ സംഘം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാകുന്നതോടൊപ്പം സംഘത്തിലെ ഓരോ അംഗത്തെയും, അവർ അംഗങ്ങളായ സംഘത്തിന്റെ/ബാങ്കിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാകേണ്ടതുണ്ടെന്ന ലക്ഷ്യം മുൻനിർത്തി സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും, എല്ലാ സംഘാംഗങ്ങൾക്കും തങ്ങളുടെ സംഘങ്ങളെ / ബാങ്കുകളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായാണ് 'എന്റെ സംഘം' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |

(സി) സഹകരണ മേഖലയിലും സംഘങ്ങളിലും എന്തെല്ലാം മാറ്റങ്ങളാണ് പദ്ധതിവഴി കൈവരുന്നത് ; വിശദമാക്കുമോ ;

(സി) സഹകരണ മേഖലയിലും സംഘങ്ങളിലും താഴെപ്പറയുന്ന മാറ്റങ്ങളാണ് പദ്ധതി വഴി കൈവന്നത്.

നിയമാവലി / രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സംഘം ആസ്ഥാനത്ത് പരിശോധനയ്ക്കായി കൃത്യമായി സൂക്ഷിക്കുക, അംഗത്വ രജിസ്റ്റർ, തിരിച്ചറിയൽ കാർഡ് രജിസ്റ്റർ, ലാൻഡ് രജിസ്റ്റർ, വായ്പ രജിസ്റ്റർ എന്നിവ കാലാനുസൃതമാക്കുക, പൊതുയോഗം കൃത്യ മായി കൂടുക, ആഡിറ്റ് ഒബ്ജക്ഷനുകൾ നീക്കുക, സർക്കാർ അനുവദിച്ച ആനുകൂല്യങ്ങൾ പിൻവലിച്ചു നൽകുക, ആഡിറ്റ് കുടിശിക തീർക്കുക, തരളധനം സൂക്ഷിക്കുക, റിസർവ്വ് ഫണ്ട് അടയ്ക്കുക, ജീവനക്കാരുടെ ജോലി വിഭജനം നടത്തുക, അവർക്ക് പരിശീലനം നൽകുക, സെമിനാറുകൾ സംഘടിപ്പിക്കുക, ഡെഡ് സ്റ്റോക്ക് എഴുതി തള്ളുക, സംഘത്തിൽ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുക, സംഘം പ്രവർത്തന പരിധിയിലെ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി മികച്ച കർഷകൻ അവാർഡ് നൽകുക, കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുക, സംഘം മുതലുകൾ സംരക്ഷിക്കുക, സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസുകളിൽ നടപടികൾ ഊർജ്ജിതമാക്കി ശിക്ഷണ നടപടികൾ പൂർത്തിയാക്കുക, ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുക, സംഘം ലൈബ്രറികൾ കാര്യക്ഷമമാക്കുക, പുതിയ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുക.

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും പദ്ധതിയുടെ വിലയിരുത്തലിനുമായി താലൂക്ക് തലത്തിൽ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ അദ്ധ്യക്ഷനായും അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), പി.എ.സി.എസ്. അസോസിയേഷൻ താലൂക്ക് തല ഭാരവാഹികൾ, സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ, താലൂക്കിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായുള്ള കമ്മിറ്റിയും, ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അദ്ധ്യക്ഷനായും, സർക്കിൾ സഹകരണ യൂണിയൻ ചെയർമാന്മാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർ, സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) അംഗങ്ങളായും ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) കൺവീനറായുള്ള കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം നടത്തുകയും, ആവശ്യമായ പരസ്യപ്രചാരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**